പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2090 07.03.2017- ൽ മറുപടിയ്ക്ക്

**കുറഞ്ഞ നിരക്കിൽ സ്റ്റെന്റ്**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.കെ.സി.ജോസഫ് :<br>ശ്രീ.കെ മുരളീധരൻ:** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ വിലനിയന്ത്രണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹൃദ്രോഗ ചികിത്സക്ക് ആവശ്യമായ സ്റ്റെന്റ് കുറഞ്ഞ ചിലവിൽ സർക്കാരാശുപത്രികളിലെ രോഗികൾക്ക് ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ഹൃദ്രോഗ ചികിത്സയ്ക്ക് ആവശ്യമായ സ്റ്റെന്റുകൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി കുറഞ്ഞ നിരക്കിൽ സ്റ്റെന്റ് ലഭ്യമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ 5 മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ഹൃദ്രോഗ ചികിത്സയ്ക്കാവശ്യമായ സ്റ്റെന്റ് കുറഞ്ഞ ചിലവിൽ രോഗികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | വിലനിയന്ത്രണത്തെ അട്ടിമറിക്കുവാനായി സർക്കാർ ആശുപത്രികളിലേക്കുള്ള സ്റ്റെന്റിന്റെ വിതരണം നിർമ്മാതാക്കൾ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ